**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **08-08-2023 - ൽ മറുപടിയ്ക്ക്**

**മസ്തിഷ്ക മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള പ്രോട്ടോകോൾ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രോട്ടോക്കോളിൽ 2001 മുതൽ നാളിതുവരെ എന്തൊക്കെ വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **1994** - ൽ നിലവിൽ വന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടും **1995** ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് റൂൾസും ചേർന്നാണ് മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള അടിസ്ഥാന തത്വങ്ങൾ നിർവചിച്ചിരിക്കുന്നത്. ഈ നിയമത്തിൽ **1995** ലെയും **2000** ലെയും **2011** ലെയും ഭേദഗതികളും **2014** ൽ നിലവിൽ വന്ന പുതിയ ചട്ടങ്ങളുമാണ് ഇപ്പോൾ നിലവിലുള്ള നിയമപരമായ ചട്ടക്കൂട്. മേൽപ്പറഞ്ഞ കേന്ദ്ര നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിവിധ ഉത്തരവുകളിലൂടെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള പ്രോട്ടോകോൾ സംസ്ഥാനത്തു നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളും അവയുടെ പ്രാധാന്യവും സംബന്ധിച്ചുള്ള വിവരങ്ങൾ **അനുബന്ധം - 1** ആയി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് 2001 മുതൽ 2010 വരെയും 2011 മുതൽ 2023 വരെയുമുള്ള കാലയളവുകളിൽ എത്ര മസ്തിഷ്ക മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചും ആശുപത്രി തിരിച്ചുമുള്ള കണക്കുകൾ വർഷ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ? | (ബി) | അവയവദാനത്തിലേയ്ക്ക് നയിക്കുന്ന മസ്തിഷ്ക മരണങ്ങളുടെ കണക്കുകൾ മാത്രമാണ് മരണാനന്തര അവയവദാന പദ്ധതിയായി മൃതസഞ്ജീവനിയുടെ (നിലവിൽ കെ-സോട്ടോ) ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളത്. ബർത്ത് ആൻഡ് ഡെത്ത് രജിസ്ട്രേഷൻ ഫോമിൽ ഏതു തരം മരണമാണ് എന്ന് രേഖപ്പെടുത്താൻ ഉള്ള സംവിധാനമില്ലാത്തതിനാൽ മസ്തിഷ്ക മരണം സംഭവിച്ചതും എന്നാൽ അവയവദാന പ്രക്രിയയിലേയ്ക്ക് പോകാത്തതുമായ മരണങ്ങളുടെ കണക്കുകൾ ലഭ്യമല്ല. **2012** ലാണ് കേരള സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി പ്രവർത്തനം ആരംഭിക്കുന്നത്. അതിനാൽ **2012** മുതൽ നാളിതുവരെ അവയവദാനത്തിനായി മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ ജില്ല, ആശുപത്രി വർഷം തിരിച്ചുള്ള കണക്ക് **അനുബന്ധം – 2** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം –1

| ക്രമ നം | സർക്കാർ ഉത്തരവ് നം | ഉത്തരവിൽ വിശദമാക്കുന്ന വിഷയം/ ഭേദഗതി |
|---|---|---|
| 1 | G.O (MS)No.36/2012/H&FWD dated 04.02.2012 | കേരളത്തിലെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ മസ്തിഷ്ക മരണം നിർബന്ധമായും സ്ഥിരീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ. |
| 2 | G.O (MS)No.304/2012/H&FWD Dated, 18.09.2012 | ആദ്യം ഇറങ്ങിയ ഉത്തരവായ G.O (MS)No.36/2012/H&FWD ൽ പറഞ്ഞ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ പാനലിൽ ഒരു ഡോക്ടർ നിർബന്ധമായും മസ്തിഷ്ക മരണം സംഭവിച്ച രോഗി കിടക്കുന്ന ആശുപത്രിയുടെ പുറത്തു നിന്നും ആകണം എന്ന നിബന്ധന കൂടി ചേർത്തു. |
| 3 | G.O (MS) 16/2017/H&FWD Dated 01.02.2017 | ഈ ഉത്തരവിന് പ്രകാരം മസ്തിഷ്കമരണം സ്ഥിരീകരിക്കുന്ന നാലുപേരടങ്ങുന്ന ഡോക്ടർമാരുടെ സംഘത്തിൽ രണ്ടുപേർ ആശുപത്രിക്ക പുറത്തുനിന്നുള്ളവരാകണമെന്നും അതിൽ ഒരാൾ സർക്കാർ സർവീസിലുള്ളതുമായ അപ്രോപ്രിയേറ്റ് അതോറിറ്റി എംപാനൽ ചെയ്ത ഡോക്ടർ ആകണമെന്നും നിർദേശിക്കുന്നു. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന പ്രക്രിയ വീഡിയോ റെക്കോർഡ് ചെയ്യണമെന്നും നിർദ്ദേശിക്കുന്നു. ഫാർമക്കോളജി ഏജന്റിലൂടെ വരാവുന്ന ന്യൂറോ മസ്കുലർ തടസ്സം ഉണ്ടോ എന്ന് പരിശോധിക്കുവാനായി പെരിഫെറൽ നെർവ് സ്റ്റിമുലേഷൻ ടെസ്റ്റ് നടത്താനും നിർദേശിക്കുന്നുണ്ട്. |
| 4 | G.O (MS) 53/2017/H&FWD Dated 03.04.2018 | മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ ആണ് ഈ സർക്കാർ ഉത്തരവ് മുഖാന്തിരം പുറപ്പെടുവിച്ചത്. |
| 5 | G.O (MS) 7/2020/H&FWD Dated 19.01.2020 | മസ്തിഷ്കമരണ സ്ഥിരീകരണത്തിനായി ഏറ്റവും അവസാനമായി പുറപ്പെടുവിച്ച മാർഗനിർദേശമാണ് ഈ ഉത്തരവ്. ഇതിൽ മസ്തിഷ്കമരണം സ്ഥിരീകരിച്ച |

| | | |
|---|---|---|
| | | വ്യക്തിയെ Transplantation of Human Organ ആക്റ്റിലെ ഫോം നം.10 ൽ സാക്ഷ്യപ്പെടുത്തിയ ശേഷം ബന്ധുക്കളുടെ സമ്മതത്തോടെ വെന്റിലേറ്ററിൽ നിന്നും മാറ്റാവുന്നതാണ്. ഈ ഉത്തരവാണ് നിലവിൽ പിന്തുടർന്ന് വരുന്നത്. |

# അനുബന്ധം 2

| ക്രമ നം | ജില്ല | ആശുപത്രി | 2012-13 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Alappuzha | GMC Vandanam | | 1 | | 1 | 0 | | | | | | |
| 2 | Eranakulam | AIMS, Cochin | 4 | 10 | 11 | 4 | 1 | | 1 | 4 | | 1 | |
| 3 | Eranakulam | Aster Medicity | | | 7 | 9 | 7 | | 5 | | 1 | 2 | 1 |
| 4 | Eranakulam | Appolo Adlux | | | | | | | | | 1 | | 1 |
| 5 | Eranakulam | Lakeshore, Ernakulam | 4 | 19 | 11 | 9 | 3 | | | | | | |
| 6 | Eranakulam | Lisie Hospital | 1 | | | 1 | | 1 | | | | | |
| 7 | Eranakulam | Lourde Hospital | | | 1 | 0 | | | | | | | |
| 8 | Eranakulam | Medical Trust Ernakulam | 3 | 2 | | 1 | | | | | | | |
| 9 | Eranakulam | PVS Memorial | | | | | | | | | | | |
| 10 | Eranakulam | Rajagiri | | | 3 | 3 | | | | | 2 | 2 | |
| 11 | Eranakulam | Sunrise EKM | | | | 1 | 1 | | | | | | |
| 12 | Eranakulam | LFH Angamaly (NTORC) | 1 | | | 3 | | 1 | | | | | |
| 13 | Eranakulam | MOSC MC (NTORC) | 1 | 2 | 1 | 1 | | | | | | | |
| 14 | Eranakulam | Renai Medicity (NTORC) | | | 3 | 3 | 1 | | | | | | |
| 15 | Eranakulam | SN Hospital Paravoor | 1 | | | | | | | | | | |
| 16 | Kannur | Pariyaram Medical College | 2 | 1 | 2 | 1 | | | | | | | |
| 17 | Kannur | AKG Memorial (NTORC) | | 1 | 3 | | | | | 1 | | | |
| 18 | Kannur | GH Thalassery | | | | | | | | | 1 | | |
| 19 | Kannur | Sreechand Hospital, Kannur | | | | | | | | | | 1 | |
| 20 | Kollam | TMCH, Kollam | | | 3 | 2 | | | | 1 | 1 | | |
| 21 | Kollam | Meditrina Kollam (NTORC) | | | | 1 | | | | | | | |
| 22 | Kollam | Valiyath Hospital (NTORC) | | | 1 | 3 | | | | | | | |
| 23 | Kottayam | Caritas Hospital | 2 | | 1 | 1 | 1 | | | | | | |
| 24 | Kottayam | GMC Kottayam | 2 | 2 | 1 | | | | | 1 | | | 1 |
| 25 | Kottayam | Indo American (NTORC) | | | | 1 | | | | | | | |
| 26 | Kozhikode | Baby Memorial | | 1 | 3 | 5 | | | | 2 | 1 | 2 | |
| 27 | Kozhikode | GMC Calicut | | 2 | 1 | 2 | | 1 | | | | | 1 |
| 28 | Kozhikode | Metro Int'l Cardiac Center | | | | | | | | | | | |
| 29 | Kozhikode | MIMS Hospital, Calicut | 5 | 6 | 3 | 1 | | 2 | 1 | 4 | | 1 | 1 |
| 30 | Kozhikode | Meitra Hospital | | | | | | | | | | | |

| ക്രമ നം | ജില്ല | ആശുപത്രി | 2012-13 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 31 | Kozhikode | Iqraa Hospital | | | | | | | 1 | | | | 1 |
| 32 | Kozhikode | Malabar Medical College | | | | | | 1 | | | | | |
| 33 | Pathanamthitta | Pushpagiri | | 1 | | 3 | 0 | 1 | 1 | | | | |
| 34 | Trisuur | Amala Hospital Trissur | | | | 1 | | | | | | | |
| 35 | Trisuur | Jubili Mission MC | | | | | 1 | | | | | 1 | |
| 36 | Trisuur | Aswani Hospital (NTORC) | 2 | 1 | | | | | | | | | |
| 37 | Trisuur | Daya Hospital (NTORC) | | | 1 | | | | | | | | |
| 38 | Trisuur | Elite Mission (NTORC) | 2 | | 1 | | | | | | | | |
| 39 | Trisuur | Mother Hospital (NTORC) | 1 | | 1 | | | | | | | | |
| 40 | Trisuur | St. Jame Chalakudi (NTORC) | | | 1 | 2 | | | | | | | |
| 41 | Trivandrum | Ananthapuri Hospital | 1 | | | | | | | | | | |
| 42 | Trivandrum | GMC Trivandrum | 5 | 6 | 5 | 4 | 1 | 1 | | 1 | 1 | 1 | |
| 43 | Trivandrum | KIMS, Trivandrum | 2 | 2 | 7 | 8 | 2 | | 9 | 7 | 8 | 2 | 4 |
| 44 | Trivandrum | PRS Hospital | 1 | | | | | | | | | | |
| 45 | Trivandrum | SCTIMST | 2 | 1 | 4 | | | | | | | 1 | |
| 46 | Trivandrum | SK Hospital | | | | | | | | | 1 | | |
| 47 | Trivandrum | Cosmopolitan Hospital, TVM | | | | | | | 1 | | | | |
| 48 | Trivandrum | SP Fort (NTORC) | 1 | | | | | | | | | | |
| 49 | Trivandrum | SUT Pattom (NTORC) | 2 | | | | | | | | | | |
| 50 | Wayanadu | WIMS, Wayanadu (NTORC) | | | 1 | | | | | | | | 1 |
| | | | **45** | **58** | **76** | **71** | **18** | **8** | **19** | **21** | **17** | **14** | **11** |